പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5986

28-10-2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളിക്ക് അപകടമരണ ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. കെ.ടി.ജലീൽ | **ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| എ) മലപ്പുറം ജില്ലയിലെ തിരൂർ കൂട്ടായിയിൽ കുറിയന്റെ പുരയ്ക്കൽ മുഹമ്മദ് മകൻ മുബാറക് എന്ന ആൾ മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുമ്പോൾ കടലിൽ തോണിമറിഞ്ഞ് മരണപ്പെട്ട സംഭവം സംബന്ധിച്ച് തഹസീൽദാരുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിരുന്നോ ; | എ) ലഭ്യമായിട്ടില്ല. |
| ബി) എങ്കിൽ എന്നാണ് തിരൂർ തഹസീൽദാർ മുഖേനയുള്ള റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ ; | ബി) ബാധകമല്ല. |
| സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തികസഹായം നൽകിയിരുന്നോ; എങ്കിൽ എത്ര രൂപയാണ് നൽകിയിരുന്നത് എന്ന് അറിയിക്കുമോ ? | സി) മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ക്ഷേമനിധി ബോർഡിൽ നിന്നും ധനസഹായം ഒന്നും നൽകിയിട്ടില്ല. |
| ഡി) ഇതേ കാലയളവിൽ കൂട്ടായിക്കടുത്തുവച്ച് സമാനമായ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടായ അപകടത്തിൽ മരണമടഞ്ഞ പരപ്പനങ്ങാടി സ്വദേശികൾക്ക് രണ്ട് ലക്ഷം രൂപ സഹായം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) കൂട്ടായിക്കടുത്തുവച്ച് സമാനമായ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടായ അപകടത്തിൽ മൂന്ന് മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്. അവർ മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായത്തിന് അർഹതയുണ്ട്. ഈ കാലയളവിൽ മരണപ്പെട്ട 3 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ ബന്ധപ്പെട്ട രേഖകൾ സഹിതം ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| ഇ) എങ്കിൽ പ്രസ്തുത കുടുംബത്തിനും രണ്ടു ലക്ഷം രൂപ നൽകുന്ന കാര്യം പരിഗണിക്കുമോ ? | ഇ) മത്സ്യത്തൊഴിലാളി പട്ടികയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് ഇൻഷ്വറൻസ് കമ്പനിക്ക് പരിഗണനയ്ക്കായി സമർപ്പിക്കുന്നതും അർഹതയ്ക്കനുസൃതമായി സഹായം അനുവദിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതുമാണ്. |

സെക്ഷൻ ഓഫീസർ